**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 90** **01-02-2023 - ൽ മറുപടിയ്ക്ക്**

**ക്രിമിനലുകളുമായി ബന്ധമുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ.പി. കെ. ബഷീർ ,<br>ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗുണ്ടാ ആക്രമണങ്ങൾ വർദ്ധിച്ചു വരുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ ഗുണ്ടകളുമായും ക്രിമിനലുകളുമായും ബന്ധമുള്ള പോലീസ് ഉദ്യോഗസ്ഥരെ കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് അത്തരം പോലീസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനം വളരെ കാര്യക്ഷമമായി സംസ്ഥാന ഇന്റലിജൻസും ജില്ലാ സ്പെഷ്യൽ ബ്രാഞ്ചും പരിശോധിച്ച് വരുന്നു. കുറ്റക്കാരെന്ന് കണ്ടെത്തുന്ന പോലീസ് ഉദ്യോഗസ്ഥന്മാർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | ഇത്തരം പോലീസ് ഉദ്യോഗസ്ഥരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; | (ബി) | ഉണ്ട്. പോലീസ് സേനയിലെ ചില ഉദ്യോഗസ്ഥർ ഗുണ്ടകൾ/സ്ഥിരം കുറ്റവാളികളുമായി ബന്ധം സ്ഥാപിച്ചിട്ടുള്ളതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 14 ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തി വരുന്നു. കൂടാതെ നിരന്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥരെ KPDIP & A റൂൾസ്, കേരള പോലീസ് ആക്ട് എന്നിവ പ്രകാരം പിരിച്ചുവിടുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 21 ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും Removal/Dismissal ചെയ്തിട്ടുണ്ട്. 3 ഉദ്യോഗസ്ഥർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. |
| (സി) | ഇത്തരം പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | ഉണ്ട്. പോലീസ് സേനയിലെ ചില ഉദ്യോഗസ്ഥർ ഗുണ്ടകൾ/സ്ഥിരം കുറ്റവാളികളുമായി ബന്ധം സ്ഥാപിച്ചിട്ടുള്ളതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 14 ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തി വരുന്നു. കൂടാതെ നിരന്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥരെ KPDIP & A റൂൾസ്, കേരള പോലീസ് ആക്ട് എന്നിവ പ്രകാരം പിരിച്ചുവിടുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 21 |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും Removal/Dismissal ചെയ്തിട്ടുണ്ട്. 3 ഉദ്യോഗസ്ഥർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ